# പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് കാര്യാലയം

'ഒരു ഐ എസ് ഓ 9001:2015 അംഗീകൃത സ്ഥാപനം'

പുതുപ്പള്ളി പി.ഓ,കോട്ടയം,പിൻ-686011

**Ph: 0481 – 2352493 E-Mail:** puthupallygp@gmail.com


## ലേലം/ക്വട്ടേഷന് പരസ്യം

JC2-3301/2024 06/07/2026

പുതുപ്പള്ളി ഗ്രാമ പഞ്ചായത്ത് അധീനതയിലുള്ള പുതുപ്പള്ളി ഗവൺമെന്റ് എൽ പി സ്കൂൾ കോംപൌണ്ടിൽ മുറിച്ചു തടിയായി സൂക്ഷിച്ചിരിക്കുന്ന ഒരു തേക്ക് വൃക്ഷം, ലേല അവകാശം 1998 കേരള പഞ്ചായത്ത് രാജ് ആക്ടിലെയും ബന്ധപ്പെട്ട ചട്ടങ്ങൾക്കും, നിയമങ്ങൾക്കും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും ഇതോടൊപ്പം ചേർക്കുന്ന പൊതു ലേല നിബന്ധനകൾക്കും വിധേയമായി പഞ്ചായത്താഫീസിൽ വച്ച് വാല്യുവേഷൻ അടിസ്ഥാനത്തിൽ പരസ്യമായി ലേലം ചെയ്ത് നൽകുന്നതാണ്.

- ലേല തിയതി - 21-07-2026

- ലേല സമയം - രാവിലെ 11.30.

- നിരതദ്രവ്യം അടക്കേണ്ട തിയതി 10-07-2026 മുതൽ 18-07-2026 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ മാത്രം.

നിരതദ്രവ്യം അടക്കുന്നതിന് മുൻപായി ഡിമാന്റ് (ഓൺലൈൻ രസീത് തയ്യാറാക്കൽ) ചെയ്യേണ്ടതിനാൽ 18-07-2026 തിയതി 2 PM ന് മുന്പ് ലേല സെക്ഷനിൽ, ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തിയുടെ പേര്, വിലാസം, ഫോൺനമ്പർ, ആധാർകാർഡ്, എന്നിവ ലഭ്യമാക്കി നിരതദ്രവ്യം അടക്കുന്നതിനുള്ള ഡിമാന്റ് ചെയ്യിക്കേണ്ടതും നിരതദ്രവ്യം അടക്കേണ്ടതുമാണ്.

| ക്രമനമ്പർ | വൃക്ഷം(ഇനം) | ചുറ്റളവ് | നിരതദ്രവ്യം | റിമാർക്സ് |
|---|---|---|---|---|
| 1 | തേക്ക് | 163 സെ.മീ. | 3452 | പരസ്യലേലം-വാല്യുവേഷൻ തുകയുടെ - (138049 രൂപ) അടിസ്ഥാനത്തിൽ) |

## ലേല നിബന്ധനകൾ

1. ലേലത്തിൽ പങ്കെടുക്കുന്നവർ 18-07-2026 തിയതി 3 PM ന് മുൻപായി പുതുപ്പള്ളി ഗ്രാമ പഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ നിരതദ്രവ്യം അടച്ച് രസീത്, ടോക്കൺ എന്നിവ കൈപ്പറ്റേണ്ടതാണ്.
2. 21-07-2026 തിയതിയിൽ രാവിലെ 11.30 ന് ലേല നടപടികൾ ആരംഭിക്കുന്നതാണ്.
3. നിരതദ്രവ്യം അടച്ച് രസീത് കൈപ്പറ്റിയവർക്ക് മാത്രമേ ലേല സ്ഥലത്തേക്ക് പ്രവേശനം അനുവദിക്കുകയുള്ളു. ലേലത്തിൽ പങ്കെടുക്കുന്നവർ തിരിച്ചറിയൽ കാർഡ് കരുതേണ്ടതാണ്.
4. പഞ്ചായത്തിൽ ഏതെങ്കിലും തരത്തിൽ കുടിശികയോ/ സാമ്പത്തിക ബാധ്യതയോ ഉള്ളവർക്ക് ലേലത്തിൽ പങ്കെടുക്കുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതല്ല.
5. നിശ്ചിത വാല്യുവേഷൻ തുകയിൽ ലേലം ആരംഭിക്കുന്നതാണ്.
6. ലേലാവകാശം താൽക്കാലികമായി സ്ഥിരപ്പെടുത്തി 24 മണിക്കൂറിനകം ലേലതുകയും, അനുബന്ധ നികുതികളും, അടക്കേണ്ട മുഴുവൻ തുകയും ലേലം കൊണ്ടയാൾ ഫ്രണ്ട് ഓഫീസിൽ അടക്കേണ്ടതാണ്.
7. ലേല നടപടികളും ലേലാവകാശവും ലേല തുകയും അടുത്ത പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച് സ്ഥിരപ്പെടുന്നതാണ്. ലേലാവകാശം സ്ഥിരപ്പെടുന്നതുമുതൽ 7 ദിവസത്തിനകം ലേലമുതൽ സൂക്ഷിച്ചിരിക്കുന്ന കോമ്പൌണ്ടിൽ നിന്നും പൂർണമായി നീക്കം ചെയ്യേണ്ടതാണ്.
8. ലേലം കൊണ്ട വ്യക്തി നിശ്ചിത സമയപരിധിക്കകം ലേല തുകയും നികുതിയും അടവാക്കേണ്ട മുഴുവൻ തുകയും അടക്കാത്ത പക്ഷം ആയത് മൂലം പഞ്ചായത്തിനുണ്ടാകുന്ന നഷ്ടത്തിന് ടി വ്യക്തി ഉത്തരവാദി ആയിരിക്കുന്നതും നഷ്ടം നികത്തുന്നതിന് റവന്യു റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതും പിന്നീട് യാതൊരു ലേലത്തിലും പങ്കെടുക്കുന്നതിന് അനുവാദം ലഭിക്കാത്ത തരത്തിൽ കർശന നിയമ നടപടി സ്വീകരിക്കുന്നതുമാണ്.

9. ലേലം ലഭിക്കാത്തവർ നിരതദ്രവ്യം അടവാക്കിയ രസീത്, ഡെപ്പോസിറ്റ് റീഫണ്ട് വൌച്ചർ, ബാങ്ക് വിവരങ്ങൾ എന്നിവ സഹിതം അപേക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് ബാങ്ക് അക്കൌണ്ടിലേക്ക് മാത്രം നിരതദ്രവ്യം അടച്ച തുക റീഫണ്ട് ചെയ്യുന്നതുമായിരിക്കും.

10. 27/06/2026 തിയതി 4 മണിക്ക് മുൻപായി ക്വട്ടേഷൻ ഫ്രണ്ട് ഓഫീസിൽ നൽകി ഇൻവേർഡ് നമ്പർ ഇടേണ്ടതാണ്. സമയ പരിധിക്ക് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ ലേലത്തിൽ ഉൾപെടുത്തുന്നതല്ല.

11. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യം അടച്ച രസീത് ചേർക്കേണ്ടതാണ്. കവറിന് പുറത്ത് ലേലം സംബന്ധിച്ച വിവരങ്ങളും ക്വട്ടേഷനറുടെ പേരും വിവരങ്ങളും ചേർക്കേണ്ടതാണ്. സീൽ ചെയ്ത കവറിൽ ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്.

12. ലേല ദിവസം പഞ്ചായത്ത് നിശ്ചയിക്കുന്നത് പ്രകാരം ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും

13. ലേലത്തിൽ ഏതതൊരാളെയും പങ്കെടുപ്പിക്കാതിരിക്കുന്നതിനും യുക്തമായ കാരണത്താൽ ലേലം മാറ്റിവെക്കുന്നതിനും ലേലം വിളി കേൾക്കുന്ന തുക അപര്യാപ്തമാണെന്ന കാരണത്താലോ മറ്റ് ന്യായമായ കാരണത്താലോ ലേലം നിർത്തി വെക്കുന്നതിനും ലേലം നടത്തുന്ന ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കുന്നതാണ്.

14. ലേലം യാതൊരു കാരണവും രേഖപ്പെടുത്താതെ മാറ്റിവെക്കുവാനും നിരസിക്കുവാനും പഞ്ചായത്തിന് പൂർണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

സെക്രട്ടറി

പുതുപ്പള്ളി ഗ്രാമ പഞ്ചായത്ത്

സ്ഥലം-പുതുപ്പള്ളി
തിയതി- 06/07/2026

PUTHUPPALLY GRAMAPANCHAYAT OFFICE
PUTHUPPALLY

ANHA SAHIB JAAN N.
GPEN : G89297
Secretary
Puthuppally Grama Panchayat